(സി) നദികൾ, കുടിവെള്ള സ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രോജക്ടുകൾക്ക് എസ്.ജി.എസ്.വൈ.-യിൽ സഹായം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ നീർത്തടാധിഷ്ഠിതമായി കുളങ്ങൾ, ചെക്ക് ഡാമുകൾ, ഭൂഗർഭ ജലം റീചാർജ്ജ് ചെയ്യുന്നതിനുതകുന്ന ജലസംഭരണികൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും വനവൽക്കരണം, ഭൂവികസനം എന്നിവ നടപ്പിലാക്കുന്നതിനും നൂതനമായ കൃഷിരീതികൾക്ക് പ്രചാരം നൽകുന്നതിനും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഹരിയാലി പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഈ പദ്ധതിയിൽ അംഗീകാരം തേടുന്നതിനായി നിരവധി പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഹരിയാലി പദ്ധതിപ്രകാരമുള്ള പ്രോജക്ടുകളുടെ നിർവഹണം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുമ്പോൾ വിവിധ വകുപ്പുകളുടെ ജില്ലാ ബ്ലോക്കുതല ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്.

എസ്.ഐ.ആർ.ഡി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

148 [1981] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 2005-2006 സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ഗ്രാന്റായി ലഭിച്ചു;

(ബി) ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ;

(സി) കൊട്ടാരക്കര എസ്.ഐ.ആർ.ഡി.-യുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദ്യോഗസ്ഥൻമാർക്ക് നല്കുന്ന ട്രെയിനിംഗ് പരിപാടികളിൽ ക്ലാസ് എടുക്കാൻ ഉന്നത ഉദ്യോഗസ്ഥരും പ്രമുഖ വ്യക്തികളും തയ്യാറാവാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) എസ്.ഐ.ആർ.ഡി.-യുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം ഉൾപ്പെടെ ഒരു വർഷത്തെ ആകെ ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഈ സ്ഥാപനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 41.487 കോടി രൂപ 2005-2006 വർഷത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിച്ചു.

GPM. 2/566/2012—24

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. ത്രിതല പഞ്ചായത്തുകൾ ഈ തുക ചെലവഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) 2004-2005 സാമ്പത്തികവർഷം ആകെ 69,65,867 രൂപ ചെലവായി.

(ജി) സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഹോസ്റ്റൽ ബിൽഡിംഗിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പുതിയതായി ഒരു ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽനിന്നും 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനായി 53.70 ലക്ഷം രൂപയ്ക്കുള്ള നോൺ റിക്കറിംഗ് ഗ്രാന്റിന്റെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.ഐ.ആർ.ഡി.- യുടെ പ്രവർത്തന പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നുണ്ട്.

പി. എം. ജി. എസ്. വൈ. പദ്ധതി കാര്യക്ഷമമാക്കാൻ നടപടി

149 [1982] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രകാരം ആകെ എത്ര കോടി രൂപയുടെ ഗ്രാന്റ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്; ഇതിൽ പൂർത്തിയായവ എത്ര; പൂർത്തിയാകാത്തത് എത്ര; പണികൾ യഥാസമയം പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള റോഡുപണികൾ കാര്യക്ഷമമായി നടക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം സംസ്ഥാനത്തിന് ഇതുവരെ 7956 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly